(എഫ്) ഇന്റർവ്യൂവിന് 2343 പേർ അർഹരായിരുന്നു. ഹാജരാകാത്തവരുടെ കണക്ക് ലഭ്യമല്ല.

(ജി) പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. എടുത്തു കൊണ്ടിരിക്കുന്നു.

(എച്ച്) ഡിപ്പാർട്ടുമെന്റുകളിൽ ഒഴിവുവരുമ്പോൾ വേക്കൻസി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും റാങ്ക് ലിസ്റ്റായാൽ പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന മുറയ്ക്ക് നിയമനം നൽകുകയും മാത്രമാണ് ഡിപ്പാർട്ടുമെന്റ് ചെയ്യുന്നത്. ബാക്കിയുള്ള എല്ലാ നടപടിക്രമങ്ങളും പബ്ലിക് സർവീസ് കമ്മിഷനാണ് കൈക്കൊള്ളുന്നത്.

(ഐ) പി.എസ്.സി. യിൽ നിന്ന് അഡ്വൈസ് കിട്ടുന്നതനുസരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും കോൺട്രാക്ട് അടിസ്ഥാനത്തിലും നിയമിച്ചവരെ പിരിച്ചുവിടുന്നതാണ്. റീഎംപ്ലോയ്മെന്റ് മുഖേന ആരേയും നിയമിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

133 (2319) മെഡിക്കൽ പി.ജി. കോഴ്സുകളിലേയ്ക്കുള്ള ഒഴിവുകൾ

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ 1999-ലെ വിവിധ പി.ജി. കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് ഡിഗ്രിയും ഡിപ്ലോമയും അഖിലേന്ത്യാ തലത്തിലുള്ള 25% ക്വാട്ടയിൽ ഡൽഹിയിൽനിന്നും അലോട്ടു ചെയ്യപ്പെട്ടവരെല്ലാം ജോയിൻ ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ 1999-ലെ പി.ജി. കോഴ്സുകളിൽ (ഡിഗ്രിയും ഡിപ്ലോമയും) കേരളത്തിലെ ഏതെല്ലാം കോളേജുകളിൽ ഏതെല്ലാം സീറ്റുകളിലാണ് നിലവിൽ ഒഴിവുള്ളത്;

(സി) മെരിറ്റ് അടിസ്ഥാനത്തിലും മറ്റ് വിവിധ ക്വാട്ടകളുടെ അടിസ്ഥാനത്തിലുമുള്ള സീറ്റുകളിൽ നിലനില്ക്കുന്ന ഒഴിവുകൾ ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) അഖിലേന്ത്യാ തലത്തിലുള്ള അഡ്മിഷൻ പൂർണ്ണമായും മെരിറ്റടിസ്ഥാനത്തിലാണ് നടത്തുന്നത്. ഒഴിവുള്ള സീറ്റുകളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

134 (2320) ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റി

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എം. ദാസൻ :

---

† അനുബന്ധം VII
406/2010.

ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ;

(ബി) ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റികളുടെ അക്കൗണ്ടുകൾ പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഉണ്ടോ; എങ്കിൽ ഏർപ്പെടുത്തിയിട്ടുള്ള ഓഡിറ്റ് സംവിധാനം ഉൾപ്പെടെ വ്യക്തമാക്കുമോ;

(സി) ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ നടത്തുന്ന നിയമനങ്ങൾക്ക് മാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റികളുടെ നിയമനവും ചെലവുകളും സുതാര്യമാണെന്ന് ഉറപ്പാക്കാൻ സ്വീകരിച്ചുവരുന്ന നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ ആശുപത്രികളുമായി ബന്ധപ്പെട്ട് എച്ച്.ഡി.സി.യുടെ പ്രവർത്തനഫലമായി ന്യായവില മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുവാനും അതിലൂടെ രോഗികൾക്ക് മിതമായ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഇതുകൂടാതെ ആശുപത്രിയിൽ വിവിധ അത്യാവശ്യ ഉപകരണങ്ങൾ വാങ്ങുവാനും, ലാബറട്ടറി, എക്സ്റേ യൂണിറ്റ് തുടങ്ങിയവ സ്ഥാപിക്കുന്നതിനും ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശുപത്രികളിൽ സെക്യൂരിറ്റി ഗാർഡുകളെയും ശുചീകരണ ജോലിക്കാരെയും നിയമിച്ച് സുരക്ഷിതത്വവും ശുചിത്വവും ഉറപ്പാക്കുന്നു. ആശുപത്രികളിൽ ചെറിയ തോതിൽ ആവശ്യമായി വരുന്ന അറ്റകുറ്റ പണികൾ നടത്തുവാനും ചെറിയ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുവാനും എച്ച്.ഡി.സി.കൾ വഴി സാധിച്ചിട്ടുണ്ട്. ഇപ്രകാരം ആശുപത്രി പ്രവർത്തനം കൂടുതൽ സുഗമമാക്കുവാൻ എച്ച്.ഡി.സി.കൾ മുഖേന സാധിക്കുന്നുണ്ട്.

(ബി) ഉണ്ട്. എച്ച്.ഡി.സി.യുടെ അക്കൗണ്ടുകൾ പരിശോധിക്കുന്നതിനായി ഡിപ്പാർട്ടുമെന്റിന്റെ ഇന്റേണൽ ആഡിറ്റ് വിഭാഗം നിലവിലുണ്ട്. ഇതുകൂടാതെ എച്ച്.ഡി.സി.കളുടെ അക്കൗണ്ടുകളുടെ ആഡിറ്റ് അക്കൗണ്ടന്റ് ജനറലും നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്. ആശുപത്രി വികസന സമിതിയുടെ ചുമതലയിൽപ്പെട്ട ജോലികൾ നിർവ്വഹിക്കുന്നതിനായി സമിതിയുടെ ഫണ്ടിൽനിന്നും വേതനം നൽകി ദിവസക്കൂലി അടിസ്ഥാനത്തിൽ ജീവനക്കാരെ താൽക്കാലികമായി നിയമിക്കുന്നതിന് സമിതികൾക്ക് അനുവാദം നൽകിയിട്ടുണ്ട്. താഴെപ്പറയുന്ന നിബന്ധനകൾക്കനുസൃതമായാണ് ടി നിയമനം നടത്താറുള്ളത്.

1. നിലവിലുള്ള തസ്തികകളിലേക്ക് ഇപ്രകാരം നിയമിക്കപ്പെടുന്നവരെ 2 മാസം തികയുമ്പോഴോ പകരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്/പി.എസ്.സി. വഴി നിയമിതരായവർ വരുമ്പോഴോ പിരിച്ചുവിടേണ്ടതാണ്.

2. തസ്തികകൾ ഇല്ലാത്തിടത്ത് നിയോഗിക്കപ്പെടുന്നവർക്ക് രണ്ട് മാസം കഴിയുമ്പോൾ പിരിച്ചുവിട്ട് 2 ദിവസത്തെ ഇടവേളക്കുശേഷം വീണ്ടും നിയമിക്കാവുന്നതും 4 മാസം കഴിയുമ്പോൾ പിരിച്ചുവിടേണ്ടതുമാണ്. ഇങ്ങനെ നിയമിക്കപ്പെടുന്നവരെ യാതൊരു കാരണവശാലും 4 മാസത്തില

LIBRARY ARCHIVES Kerala Legislative Assembly

ധികം തുടരാനുള്ള അനുമതി നൽകിയിട്ടില്ല. ഇപ്രകാരം തുടരുമ്പോൾ നിയമനം റഗുലറൈസ് ചെയ്യണമെന്ന ആവശ്യം ഉന്നയിക്കുകയില്ല എന്ന് എഴുതി വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

3. പാരാമെഡിക്കൽ ജീവനക്കാരെ ഇപ്രകാരം 2 മാസം കഴിഞ്ഞ് രണ്ട് ദിവസം ബ്രേക്ക് എന്ന നിബന്ധനയിൽ 1 വർഷം വരെ നിയമിക്കാമെന്നും സെക്യൂരിറ്റി ജീവനക്കാരെ ഇപ്രകാരം 6 മാസം വരെ നിയമിക്കാമെന്നും നിബന്ധനയുണ്ട്.

4. സർക്കാർ അപ്പപ്പോൾ നിശ്ചയിക്കുന്നതനുസരിച്ചുള്ള ദിവസക്കൂലി വേതനം ഈ ജീവനക്കാർക്ക് നൽകണമെന്നും ഇപ്രകാരം നിയമിക്കപ്പെടുന്ന ജീവനക്കാരുടെ ശമ്പളം എച്ച്.ഡി.സി.യുടെ മൊത്തം വരുമാനത്തിന്റെ 35% മേ ആകാവൂ എന്നും നിജപ്പെടുത്തിയിട്ടുണ്ട്.

(ഡി) കമ്മിറ്റികളുടെ നിയമനവും ചെലവുകളും സുതാര്യമാണെന്ന് ഉറപ്പാക്കുവാൻ വേണ്ടിയാണ് ഓഡിറ്റ് ഏർപ്പെടുത്തിയിരിക്കുന്നത്.

135 (2321) ജനസംഖ്യാ നിയന്ത്രണ പദ്ധതി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനസംഖ്യാ നിയന്ത്രണ പദ്ധതിക്ക് കൂടുതൽ ഫണ്ട് അനുവദിച്ച് കിട്ടുന്നതിനായി കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ജനസംഖ്യാ നിയന്ത്രണത്തിന് സംസ്ഥാനം നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണ്; ഇതിന് എത്ര കോടി രൂപയുടെ പദ്ധതിയാണിപ്പോൾ ഉള്ളത്; ഇതിനകം എന്ത് തുക ചെലവഴിച്ചു;

(സി) ഓരോ കൊല്ലവും ജനസംഖ്യാ നിയന്ത്രണ പദ്ധതിക്കുവേണ്ടി സംസ്ഥാന ഗവൺമെന്റ് എത്ര തുകയാണ് കേന്ദ്രത്തോട് ആവശ്യപ്പെടുന്നത്; ഇതിൽ എത്ര കോടി വീതം ലഭിക്കുന്നുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ)-(സി) കുടുംബക്ഷേമ പദ്ധതിയിൽ ജനസംഖ്യാ നിയന്ത്രണം എന്ന പ്രത്യേക ഇനം ഇല്ല. കുടുംബക്ഷേമ പദ്ധതികൾക്കായി കഴിഞ്ഞ മൂന്നു വർഷങ്ങളിൽ കേന്ദ്രത്തിൽനിന്നും റിലീസ് ചെയ്ത തുക ചുവടെ ചേർക്കുന്നു.

1996-97	-	2454.89 ലക്ഷം
1997-98	-	2981.45 ലക്ഷം
1998-99	-	3844.74 ലക്ഷം

136 (2322) ഡോക്ടർമാരില്ലാത്ത ആശുപത്രികൾ

ശ്രീ. എ.കെ. മണി :

ശ്രീമതി രാധാ രാഘവൻ :

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly